# കേരളസർവകലാശാല

നം.പി.ആർ.66/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. മാത്തമാറ്റിക്സ് (2015 സ്കീം), എം.എസ്‌സി. കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി (2013 സ്കീം), എം.എസ്‌സി. പോളിമർ കെമിസ്ട്രി (2002 സ്കീം) മേഴ്സിചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവ വോസി

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മലയാളം വിദൂരവിദ്യാഭ്യാസം (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ വൈവ വോസി ഏപ്രിൽ 18, 19 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.സോഷ്യോളജി വിദൂരവിദ്യാഭ്യാസം (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ വൈവ വോസി ഏപ്രിൽ 4, 5, 6 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വിദൂരവിദ്യാഭ്യാസ ബിരുദം – എലിജിബിലിറ്റി മാർഗരേഖ പുതുക്കി

കേരളസർവകലാശാല 2017–2018 അദ്ധ്യയനവർഷം മുതലുള്ള അഡ്മിഷനിലൂടെ വിദൂരവിദ്യാഭ്യാസം വഴി മറ്റ് സർവകലാശാലകളിൽ നിന്ന് നേടുന്ന ബിരുദങ്ങൾക്ക് കേരളസർവകലാശാലയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സർവകലാശാല നിഷ്കർഷിക്കുന്ന രേഖകളോടൊപ്പം പ്രസ്തുത സർവകലാശാലയുടെ വിദൂര പഠനകേന്ദ്രത്തിനും കോഴ്സിനും യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ഉള്ളതായി തെളിയിക്കുന്ന രേഖയും കൂടാതെ സ്റ്റഡി സെന്റർ പ്രസ്തുത സർവകലാശാലയ്ക്ക് അനുവദിക്കപ്പെട്ട ടെറിട്ടോറിയൽ ലിമിറ്റിനുള്ളിൽ വരുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയും ഹാജരാക്കേണ്ടതാണ്.

### പെൻഷൻ/ഫാമിലി പെൻഷൻ മസ്റ്ററിംഗ്

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2022–23 വർഷത്തെ മസ്റ്ററിംഗ് 2022 ഏപ്രിൽ 1 മുതൽ 2022 മെയ് 15 വരെ നടത്തുന്നതാണ്. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം–34 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചോ നേരിട്ട് ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനൊപ്പം 2022–23 സാമ്പത്തികവർഷത്തെ Anticipatory Income Tax statement കൂടി നൽകേണ്ടതാണ്.

ജീവൻപ്രമാൺ സംവിധാനംവഴി പെൻഷൻകാർക്ക് പി.പി.ഒ.നമ്പർ, ആധാർനമ്പർ, മൊബൈൽഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

നേരിട്ട് മസ്റ്റർ ചെയ്യുന്നവർ നിർബന്ധമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരിച്ചറിയൽ രേഖ സഹിതം ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
31.03.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**